# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 21** **4.2.2013-ൽ മറുപടിക്ക്**

**പെട്രോളിയം ഉല്പന്നങ്ങളുടെയും ഡീസലിന്റെയും വളങ്ങളുടെയും വില നിയന്ത്രണം.**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കെ. ജയചന്ദ്രൻ :<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ :<br>ശ്രീ. പി.റ്റി. എ. റഹിം :<br>ശ്രീ. കെ. വി. അബ്ദുൾ ഖാദർ : | ശ്രീ. ഉമ്മൻ ചാണ്ടി<br>(ബഹു. മുഖ്യ മന്ത്രി) |
| (എ) യു.പി.എ. സർക്കാർ പിന്തുടരുന്ന സാമ്പത്തിക നയങ്ങൾ സംസ്ഥാനത്തിന്റെ സമ്പദ്ഘടനയേയും ജനങ്ങളേയും ഏതെല്ലാം നിലയിൽ പ്രതികൂലമായി ബാധിച്ചുകൊണ്ടിരിക്കുന്നുയെന്ന് സർക്കാർ വിലയിരുത്തുകയുണ്ടായോ ;<br><br>(ബി) പെട്രോളിയം ഉല്പന്നങ്ങളുടെയും ഡീസലിന്റെയും വളങ്ങളുടെയും വില നിയന്ത്രണം എടുത്തുകളഞ്ഞതും സബ്സിഡികൾ വെട്ടിച്ചുരുക്കിക്കൊണ്ടിരിക്കുന്നതും സംസ്ഥാനത്തെ ഏതെല്ലാം മേഖലകളെയാണ് നേരിട്ട് ബാധിച്ചിരിക്കുന്നത്; ഓരോ മേഖലയിലേയും പ്രത്യാഘാതങ്ങൾ എന്തൊക്കെയായിരുന്നുവെന്ന് വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ വിശദമാക്കാമോ ; | (എ) & (ബി) വിലനിയന്ത്രണം എടുത്തുകളഞ്ഞതു മൂലം പെട്രോളിയം കമ്പനികൾക്ക് സ്വയം ഉല്പന്ന വില നിശ്ചയിക്കാവുന്നതാണ്. ഇത് കെ.എസ്.ആർ.ടി.സി. യെയും വളം സബ്സിഡിയെയും ബാധിച്ചിട്ടുണ്ട്. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില നിയന്ത്രണം പൂർണ്ണമായും എടുത്തുകളയുകയും സബ്സിഡികൾ വെട്ടിച്ചുരുക്കുകയും ചെയ്യുകയാണെങ്കിൽ അത് ഭക്ഷ്യവിതരണ രംഗത്തെ ഒട്ടാകെ പ്രതികൂലമായി ബാധിക്കും. ദാരിദ്രരേഖയ്ക്കു താഴെയുള്ള ആളുകൾക്ക് സബ്സിഡിയോടു കൂടി ഇപ്പോൾ അനുവദിച്ചുകൊണ്ടിരിക്കുന്ന ഭക്ഷ്യധാന്യങ്ങൾ, മണ്ണെണ്ണ, പാചകവാതകം, പഞ്ചസാര എന്നിവ വളരെയധികം ആശ്വാസകരമാണ്. പെട്രോളിയം ഉൽപ്പന്നങ്ങളുടെയും ഡീസലിന്റെയും വളങ്ങളുടെയും വിലനിയന്ത്രണം പൂർണ്ണമായും എടുത്തു കളഞ്ഞാൽ അത് പൊതുവിതരണ സമ്പ്രദായത്തെ പ്രതികൂലമായി ബാധിക്കുന്നതിന് സാധ്യതയുണ്ട്. |

| | |
|---|---|
| (സി) പ്രത്യാഘാതങ്ങളെക്കുറിച്ച് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധക്ഷണിക്കുകയുണ്ടായോ; വലിയൊരു വിഭാഗം ജനങ്ങൾ സംസ്ഥാനത്ത് ജീവിത പ്രതിസന്ധിയിലായിരിക്കുന്ന കാര്യം കേന്ദ്രത്തെ അറിയിച്ചിട്ടുണ്ടോ ? | (സി) ഈ വിഷയം സംസ്ഥാനം കേന്ദ്ര പെട്രോളിയം മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ